ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 18.11.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ത്രിരാഷ്ട്ര സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ബ്രസീലിൽ എത്തി. റിയോ ഡി ജനേറോയിൽ നടക്കുന്ന ജി-20 ഉച്ചകോടിയിൽ അദ്ദേഹം പങ്കെടുക്കും.

   Prime Minister Narendra Modi has arrived in Brazil on the second leg of his three-nation visit. He will participate in the G-20 summit in Rio de Janeiro.

2. പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് നൈജീരിയുടെ ആദരം. ഗ്രാൻഡ് കമാൻഡർ ഓഫ് ഓർഡർ ഓഫ് നൈജർ, ബഹുമതി പ്രധാനമന്ത്രിക്ക് സമ്മാനിച്ചു.

   Nigeria honours Prime Minister Modi with Grand Commander of The Order of the Niger award.

3. മഹാരാഷ്ട്രയിലും ഝാർഖണ്ഡിലും തിരഞ്ഞെടുപ്പിന്റെ പരസ്യ പ്രചാരണം ഇന്ന് അവസാനിക്കും. കേരളത്തിൽ പാലക്കാട് ഉപതിരഞ്ഞടുപ്പിനുള്ള അവസാനവട്ട പ്രചാരണവും ഊർജിതം.

   Election campaigning in Maharashtra and Jharkhand will end today. The final round of campaigning for the Palakkad by-election in Kerala is also in full swing.

4. മണിപ്പൂരിൽ സംഘർഷാവസ്ഥ തുടരുന്ന സാഹചര്യത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഇന്ന് യോഗം ചേരും.

   A meeting will be held by Union Home Minister Amit Shah amid the ongoing tension in Manipur.

5. **വായു ഗുണനിലവാരം അതീവ ഗുരുതരമായി തുടരുന്ന ഡൽഹിയിൽ ജാഗ്രത കർശനമാക്കി. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള വലിയ വാഹനങ്ങൾക്ക് ഇന്നു മുതൽ നിയന്ത്രണം.**

**Delhi has been put on high alert as air quality continues to deteriorate. Restrictions imposed on large vehicles from other states from today.**

6. **വനിതാ ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കിയിൽ ജപ്പാനെതിരെ ഇന്ത്യയ്ക്ക് ഉജ്ജ്വല വിജയം.**

**In Women's Asian Hockey Champions Trophy, India defeats Japan**

**************************************************************

## PM - G20

ബ്രസീലിലെ റിയോ ഡി ജനേറോയിൽ നടക്കുന്ന ജി-20 ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും. നൈജീരിയൻ സന്ദർശനം പൂർത്തിയാക്കിയാണ് പ്രധാനമന്ത്രി ബ്രസീലിൽ എത്തിയത്. ജി-20 ഉച്ചകോടിയിൽ, വിവിധ ആഗോള വിഷയങ്ങളിൽ ഇന്ത്യയുടെ നിലപാടുകൾ പ്രധാനമന്ത്രി അവതരിപ്പിക്കും. ഉച്ചകോടിയിൽ പങ്കെടുക്കാൻ എത്തുന്ന രാഷ്ട്രത്തലവൻമാരുമായും ശ്രീ മോദി കൂടികാഴ്ച നടത്തും. ഇന്നും നാളെയുമായി നടക്കുന്ന ഉച്ചകോടിയിൽ യു.എസ് പ്രസിഡന്റ് ജോ ബൈഡൻ, ചൈനീസ് പ്രസിഡന്റ് ഷി ജിൻ പിംഗ് തുടങ്ങിയവരും പങ്കെടുക്കുന്നുണ്ട്. ത്രിരാഷ്ട്ര സന്ദർശനത്തിൻറെ മൂന്നാം പാദത്തിൽ ശ്രീ.മോദി ഗയാനയിലെത്തും.

**************************************************************

## PM-NIGERIA (INTRO)

പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് നൈജീരിയുടെ ആദരം. ഗ്രാൻഡ് കമാൻഡർ ഓഫ് ഓർഡർ ഓഫ് നൈജർ, പുരസ്കാരം നൽകിയാണ് ശ്രീ മോദിയെ ആദരിച്ചത്. ബഹുമതി നൽകിയതിന് നൈജീരിയൻ പ്രസിഡന്റ് ബോല അഹമ്മദ് തിനുബുവിന് അദ്ദേഹം നന്ദി അറിയിച്ചു.

(HOLD PM VOICE…….)

നൈജീരിയയുമായുള്ള തന്ത്രപരമായ പങ്കാളിത്തത്തിന് ഇന്ത്യ മുൻഗണന നൽകുന്നതായി പ്രധാനമന്ത്രി പറഞ്ഞു.

നൈജീരിയൻ പ്രസിഡന്റുമായി നൈജീരിയൻ തലസ്ഥാനമായ അബുജയിൽ നടത്തിയ കൂടിക്കാഴ്ചയിൽ പ്രതിരോധം, ഊർജം, സാങ്കേതികവിദ്യ, തുടങ്ങി വിവിധ മേഖലകളിൽ ഉഭയകക്ഷി സഹകരണത്തിന്റെ പ്രാധാന്യം ചർച്ചയായി. ഭീകരവാദം, കടൽക്കൊള്ള തുടങ്ങിയ വെല്ലുവിളികളെ നേരിടാൻ ഇരു രാജ്യങ്ങളും ഒരുമിച്ച് പ്രവർത്തിക്കുന്നുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. പതിനേഴു വർഷങ്ങൾക്ക് ശേഷമാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി നൈജീരിയ സന്ദർശിക്കുന്നത്.

***************************************************************

**MANIPUR- SHA**

മണിപ്പൂരിലെ സുരക്ഷാ സ്ഥിതിഗതികൾ കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ന്യൂഡൽഹിയിൽ അവലോകനം ചെയ്തു. മണിപ്പൂരിൽ ക്രമസമാധാനം പുനഃസ്ഥാപിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സുരക്ഷാ സേനയ്ക്ക് നിർദേശം നൽകിയതായി ആഭ്യന്തര മന്ത്രാലയം അറിയിച്ചു. മണിപ്പൂരിൽ വീണ്ടും സംഘർഷാവസ്ഥ തുടരുന്ന സാഹചര്യത്തിലാണ് കേന്ദ്ര ആഭ്യന്തര മന്ത്രി സ്ഥിഗതികൾ വിലയിരുത്തിയത്. വിഷയത്തിൽ ഇന്ന് വിശദമായ യോഗം ചേരും. സംസ്ഥാനത്തെ സമാധാനം നശിപ്പിക്കാൻ ശ്രമിക്കുന്നവർക്കെതിരെ ശക്തമായ നടപടി എടുക്കുമെന്ന്ശ്രീ.ഷാ വ്യക്തമാക്കി.

***************************************************************

## PRADHAN-JOHN HOPKINS

ജോൺസ് ഹോപ്കിൻസ് യൂണിവേഴ്സിറ്റി, ഗുപ്ത ക്ലിൻസ്കി ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിൽ നിന്നുള്ള ഉന്നതതല പ്രതിനിധി സംഘവുമായി കേന്ദ്ര മന്ത്രി ധർമേന്ദ്ര പ്രധാൻ ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ജെഎച്ച്‌യുവും ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള അക്കാദമിക്, ഗവേഷണ സഹകരണം ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് പ്രധാൻ ചർച്ച നടത്തി. ഇന്ത്യയിൽ ഓഫ്ഷോർ J.H.U കാമ്പസ് സ്ഥാപിക്കുന്നതിനെ കുറിച്ചും പ്രതിനിധി സംഘം ചർച്ച ചെയ്തു.

*******************************************************************

## AUSTRALIA, JAPAN , US

ഇൻഡോ - പസിഫിക് മേഖലയിലെ ഇന്ത്യയുടെ സമുദ്രസുരക്ഷാ നിരീക്ഷണ സംവിധാനങ്ങൾക്ക് പിന്തുണ ഉറപ്പ് നൽകി അമേരിക്കയും ജപ്പാനും ഓസ്ട്രേലിയയും. ഓസ്ട്രേലിയയിലെ ഡാർവിനിൽ നടന്ന ത്രിരാഷ്ട്ര പ്രതിരോധമന്ത്രിമാരുടെ യോഗത്തിന് ശേഷമുള്ള സംയുക്ത പ്രസ്താവനയിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. വിഷയത്തിൽ ഇന്ത്യയുടെ നേതൃത്വം രാജ്യങ്ങൾ അംഗീകരിച്ചു.

*******************************************************************

## REV. DD DG PASSED AWAY

മുതിർന്ന ഇന്ത്യൻ ഇൻഫർമേഷൻ സർവീസ് ഓഫീസറും മുൻ രാഷ്ട്രപതി എ.പി.ജെ അബ്ദുൾ കലാമിന്റെ പ്രസ് സെക്രട്ടറിയുമായിരുന്ന എസ് എം ഖാൻ അന്തരിച്ചു. 67 വയസ്സായിരുന്നു. 1982 ബാച്ച് ഐ.ഐ.എസ് ഉദ്യോഗസ്ഥനായ എസ് എം ഖാൻ ഡിഡി ന്യൂസ് ഡയറക്ടർ ജനറലായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. പ്രസ് ഇൻഫർമേഷൻ ബ്യൂറോ,

ആർ.എൻ.ഐ ഉൾപ്പെടയുളളയിടങ്ങളിൽ അദ്ദേഹം സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

*****************************************************************

## CHENNAI-GIRIRAJ

വസ്ത്ര നിർമ്മാണ വ്യവസായത്തിന് പ്രോത്സാഹനം നൽകാൻ ലക്ഷ്യമിട്ടാണ് കേന്ദ്ര സർക്കാർ വിഷൻ നെക്സ്റ്റ് പദ്ധതി ആവിഷ്കരിച്ചതെന്ന് കേന്ദ്ര ടെക്സ്റ്റൈൽസ് മന്ത്രി ഗിരിരാജ് സിംഗ്. ഇന്ത്യയുടെ ടെക്സ്റ്റൈൽ ഡിസൈനിംഗ് വ്യവസായം 176 ബില്യൺ ഡോളർ വളർച്ച കൈവരിച്ചതായും അദ്ദേഹം പറഞ്ഞു. ചെന്നൈയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയിൽ മാധ്യമ പ്രവർത്തകരെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

*****************************************************************

## ISRO - GSAT-20

ഇന്ത്യയുടെ വാർത്താവിനിമയ ഉപഗ്രഹമായ GSAT 20 നാളെ യു.എസ്സിലെ കെയ്പ് കനാവെറലിൽ നിന്ന് വിക്ഷേപിക്കും. എലോൺ മസ്ക്കിന്റെ ഉടമസ്ഥതയിലുള്ള Space X ന്റെ ഫാൽക്കൺ -9 ആണ് വിക്ഷേപണം നടത്തുന്നതെന്ന് ഐ.എസ്.ആർ.ഒ മേധാവി എസ് സോമനാഥ് അറിയിച്ചു. വിദൂര പ്രദേശങ്ങളിലേക്കുള്ള ഇന്റർനെറ്റ് കണക്റ്റിവിറ്റി ഉൾപ്പെടെ ഇന്ത്യയിലുടനീളം സുപ്രധാന സേവനങ്ങൾ ഇതിലൂടെ ലഭ്യമാകും.

*****************************************************************

## ELECTION - MAHA - JHAR.

നിയമസഭാ തിരഞ്ഞെടുപ്പിന് രണ്ട് ദിവസം ബാക്കി നിൽക്കെ മഹാരാഷ്ട്രയിലും ഝാർഖണ്ഡിലും പരസ്യ പ്രചാരണം ഇന്ന് അവസാനിക്കും. 288 സീറ്റുകളുള്ള മഹാരാഷ്ട്രയിൽ ബുധനാഴ്ച ഒറ്റഘട്ടമായാണ് തിരഞ്ഞെടുപ്പ്. 4,136 സ്ഥാനാർത്ഥികളാണ് ഇവിടെ മത്സര രംഗത്തുള്ളത്.

ഝാർഖണ്ഡിൽ തിരഞ്ഞെടുപ്പിന്റെ രണ്ടാംഘട്ടമാണ് ബുധനാഴ്ച നടക്കുന്നത്.

*************************************************************

## JHARKHAND-EC

ജാർഖണ്ഡിൽ നിയമസഭാ തെരഞ്ഞെടുപ്പിന്റെ പ്രചാരണം അവസാനിക്കുന്നതിനെ തുടർന്ന് സ്വകാര്യ വാഹനങ്ങളിൽ ബാനറോ ബോർഡോ ഉപയോഗിക്കുന്നത് തിരഞ്ഞെടുപ്പ് കമ്മീഷൻ നിരോധിച്ചു. ഉത്തരവ് ലംഘിക്കുന്നവർക്കെതിരെ നടപടിയെടുക്കാൻ ജില്ലാ അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് ചീഫ് ഇലക്ടറൽ ഓഫീസർ പറഞ്ഞു.

*************************************************************

## PALAKKAD - (INTRO)

രാഷ്ട്രീയ വിവാദങ്ങൾക്കും, കളം മാറലുകൾക്കും ആരോപണ പ്രത്യാരോപണങ്ങൾക്കും ഇടയിൽ പാലക്കാട് നിയമസഭാ ഉപതെരഞ്ഞെടുപ്പ് പ്രചാരണത്തിന് ഇന്ന് കൊട്ടിക്കലാശം. ബുധനാഴ്ചയാണ് വോട്ടെടുപ്പ്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**
**പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്..**
**(VOICE........)**

*************************************************************

## EMPLOYEES - VOTE

പാലക്കാട് നിയമസഭ ഉപതെരഞ്ഞെടുപ്പിൽ സർവീസ് ജീവനക്കാർക്കുള്ള വോട്ടിങ് ഇന്ന് അവസാനിക്കും. പാലക്കാട് ആർ.ഡി.ഒ ക്വാർട്ടേഴ്സിലാണ് വോട്ടിങ് നടക്കുന്നത്. നേരത്തെ അനുമതി ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്കാണ് സമ്മതിദാനാവകാശം വിനിയോഗിക്കാൻ അവസരം.

*************************************************************

## DELHI - GRAP 4

വായു ഗുണനിലവാരം അതീവ ഗുരുതരമായി തുടരുന്ന ഡൽഹിയിൽ, ഇന്നുമുതൽ ഗ്രേഡഡ് റെസ്പോൺസ് ആക്ഷൻ പ്ലാൻ 4 ഏർപ്പെടുത്താൻ എയർ ക്വാളിറ്റി മാനേജ്മെന്റ് കമ്മീഷൻ തീരുമാനിച്ചു. GRAP-4 പ്രകാരം മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള വലിയ വാഹനങ്ങളുടെ പ്രവേശനം ഇന്നുമുതൽ നിരോധിക്കും. എന്നാൽ അവശ്യസാധനങ്ങൾ കൊണ്ടുപോകുന്നതും അവശ്യ സേവനങ്ങൾ നൽകുന്നതുമായ ട്രക്കുകൾക്ക് പ്രവേശനമുണ്ട്. സിഎൻജി, ഇലക്ട്രിക്, ബിഎസ്-VI ഡീസൽ ട്രക്കുകളും പ്രവേശിക്കാൻ അനുവദിക്കും. 10, 12 ക്ലാസുകൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും നേരിട്ടുള്ള ക്ലാസുകൾ നിർത്തലാക്കാൻ ഡൽഹി സർക്കാർ തീരുമാനിച്ചു. ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നത് വരെ എല്ലാ സ്കൂളുകളും ഓൺലൈൻ ക്ലാസുകൾ നടത്തുമെന്ന് ഡൽഹി മുഖ്യമന്ത്രി അതിഷി സോഷ്യൽ മീഡിയ പോസ്റ്റിലൂടെ അറിയിച്ചു.

*****************************************************************

## HOCKEY WOMENS

വനിതാ ഏഷ്യൻ ചാമ്പ്യൻസ് ട്രോഫി ഹോക്കിയിൽ ജപ്പാനെ പരാജയപ്പെടുത്തി ഇന്ത്യ സെമിഫൈനലിൽ പ്രവേശിച്ചു. ഏകപക്ഷീയമായ മൂന്ന് ഗോൾക്കാണ് ഇന്ത്യയുടെ ജയം. ബിഹാറിലെ രാജ് ഗീർ ഹോക്കി സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ഇന്ത്യയ്ക്കായി നവനീത് കൗർ, ദീപികാ കുമാരി എന്നിവരാണ് ഗോൾ നേടിയത്.

*****************************************************************

**BGT 2024**

ഓസ്ട്രേലിയയ്ക്കെതിരെ ഈ മാസം 22 ന് പെർത്തിൽ ആരംഭിക്കുന്ന ബോർഡർ-ഗവാസ്കർ ട്രോഫിയുടെ ഉദ്ഘാടന മത്സരത്തിൽ ഇന്ത്യയുടെ ടെസ്റ്റ് ക്യാപ്റ്റൻ രോഹിത് ശർമ്മ കളിക്കില്ല.പകരം വൈസ് ക്യാപ്റ്റൻ ജസ്പ്രീത് ബുംറ ടീമിനെ നയിക്കും. ഫീൽഡിംഗ് പരിശീലനത്തിനിടെ കൈവിരലിന് പരിക്കേറ്റ ഓപ്പണർ ശുഭ്മാൻ ഗില്ലും ആദ്യ ടെസ്റ്റിൽ കളിക്കില്ല. കെ എൽ രാഹുലും അഭിമന്യു ഈശ്വരനും ഇവർക്ക് പകരം ടീമിൽ സ്ഥാനം പിടിച്ചിട്ടുണ്ട്.

*****************************************************************

**MITHALI RAJ ACA**

മുൻ ഇന്ത്യൻ വനിതാ ക്രിക്കറ്റ് ക്യാപ്റ്റൻ മിതാലി രാജിനെ ആന്ധ്ര ക്രിക്കറ്റ് അസോസിയേഷൻ, വനിതാ ക്രിക്കറ്റ് ഓപ്പറേഷൻസിന്റെ മെൻഡറായി നിയമിച്ചു. എ.സി.എ യുമായി മൂന്ന് വർഷത്തെ കരാറിൽ മിതാലി ഒപ്പുവച്ചു. പുതിയ തലമുറയിലെ വനിതാ ക്രിക്കറ്റ് താരങ്ങളെ വളർത്തിയെടുക്കുന്നതിനായി സംസ്ഥാനത്തുടനീളമുള്ള യുവ പ്രതിഭകളെ കണ്ടെത്തി ഉയർത്തികൊണ്ടുവരികയാണ് പ്രാഥമിക ഉത്തരവാദിത്തം.

*****************************************************************

## GAHLOT RESIGNATION

ഡൽഹി ഗതാഗത മന്ത്രിയും ആം ആദ്മി പാർട്ടി നേതാവുമായ കൈലാഷ് ഗഹ്ലോട്ട് പാർട്ടിയിൽ നിന്ന് രാജിവച്ചു. ആം ആദ്മി പാർട്ടി കൺവീനർ അരവിന്ദ് കെജ്‌രിവാളിന് അയച്ച രാജിക്കത്തിൽ, പാർട്ടിയ്ക്ക് ജനങ്ങളോടുള്ള പ്രതിബദ്ധത നഷ്ടപ്പെട്ടുവെന്ന് ഗഹ്ലോട്ട് ആരോപിച്ചു. അതേസമയം, എ.എ.പി നേതാവിന്റെ രാജി ധീരമായ നടപടിയാണെന്ന് ഡൽഹി ബിജെപി അധ്യക്ഷൻ വീരേന്ദ്ര സച്ച്ദേവ മാധ്യമങ്ങളോട് പറഞ്ഞു.

******************************************************************

## SL- SWEARING-IN

ശ്രീലങ്കയിൽ, പുതിയ മന്ത്രിസഭയുടെ സത്യപ്രതിജ്ഞാ ചടങ്ങ് പ്രസിഡന്റ് അനുര കുമാര ദിസനായകെയുടെ സാന്നിധ്യത്തിൽ ഇന്ന് നടക്കും. ഹരിണി അമരസൂര്യയെ വീണ്ടും പ്രധാനമന്ത്രിയായി നിയമിക്കുമെന്നും വിജിത ഹെറാത്ത് വിദേശകാര്യ മന്ത്രിയായി തുടരുമെന്നും പ്രാദേശിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യു.

*********************

************************************

******************************************************************